മാധ്യമം

# 'സാലറി ചലഞ്ച്: കെ.എസ്.ഇ.ബി.യിൽ ഏകപക്ഷീയ തീരുമാനം നടപ്പാക്കരുത്'

തിരുവനന്തപുരം: വയനാട് ദുരിതബാധിതരെ സഹായിക്കാനുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജീവനക്കാരുടെ സംഭാവനയായി കുറഞ്ഞത് അഞ്ചുദിവസത്തെ ശമ്പളം വേണമെന്ന സർക്കാർ ഉത്തരവ് ഏകപക്ഷീയമാണെന്നും കെ.എസ്.ഇ.ബിയിൽ ഉത്തരവിറക്കുമ്പോൾ അതു മിനിമം ഒരു ദിവസം ആക്കണമെന്നും കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) വർക്കിങ് പ്രസിഡന്റ് അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു.

നിർബന്ധിത പിരിവ് ഹൈകോടതി തടഞ്ഞിട്ടുണ്ട്. സംഭാവന ഓരോരുത്തരുടെയും ഇഷ്ടം അനുസരിച്ചാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

20/08/2024 | TRIVANDRUM | Page : 03
Source : https://epaper.madhyamam.com

# സാലറി ചലഞ്ച്: കെഎസ്ഇബിയിൽ നടപ്പിലാക്കരുത് ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ

തിരുവനന്തപുരം: വയനാട് ദുരിതബാധിതരെ സഹായിക്കാനുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ജീവനക്കാരുടെ സംഭാവന മിനിമം അഞ്ചുദിവസം വേണമെന്ന സർക്കാർ ഉത്തരവ് ഏകപക്ഷീയമാണെന്നും കെഎസ്ഇബിയിൽ ഉത്തരവിറക്കുമ്പോൾ അത് മിനിമം ഒരു ദിവസമാക്കണമെന്നും കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു.

നിർബന്ധിത പിരിവ് ഹൈക്കോടതി തടഞ്ഞിട്ടുള്ളതാണ്. കുറഞ്ഞ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്ക് അഞ്ചെന്നത് താങ്ങാനാവില്ല. സംഭാവന നൽകുന്നത് ഓരോരുത്തരുടെയും ഇഷ്ടം അനുസരിച്ചാകണം. ജീവനക്കാരുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ച സർക്കാർ ചലഞ്ചിൽ പങ്കാളിയാകാനുള്ള ജീവനക്കാരന്റെ അവകാശവും നിഷേധിച്ചിരിക്കുകയാണ്.

എല്ലാ ജീവനക്കാർക്കും ദുരിതാശ്വാസ നിധിയിലേക്ക് മിനിമം ഒരു ദിവസത്തെ ശമ്പളം നൽകുവാനുള്ള അവസരം നൽകണമെന്നത് സംബന്ധിച്ച കത്ത് കെഎസ്ഇബി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയെന്നും വർക്കിങ് പ്രസിഡന്റ് അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് അറിയിച്ചു.

Veekshanam 20.8.2024